/271527/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: സ്റ്റാറിപോൾ )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സ്ഥലമാറ്റം -അനോമലി അപേക്ഷകൾ - പരിശോധിച്ച് ഉത്തരവാകുന്നു

പരാമർശം:- 31-08-2022-ലെ DT/3548/2022-A2 നമ്പരായ ഉത്തരവ്

**ഉത്തരവ് നമ്പർ: DT/3548/2022-A2 തീയതി: 31-01-2023**

25.11.2022- ലെ സ . ഉ ( സാധാ ) നം .1365/2022/ തൊഴിൽ നമ്പരായ ഉത്തരവ് പ്രകാരം 31-08-2022 വരെ നിലവിലുണ്ടായിരുന്ന ഒഴിവുകളിൽ പരിമിതപ്പെടുത്തി സ്ഥലമാറ്റ അനോമലി അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട് . ടി പരിഗണനയിൽ വരുന്ന അപേക്ഷകൾ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടുണ്ട് .

1. ശ്രീമതി മാഗ്ലിൻ പെരേര. സീനിയർ ഇൻസ്ട്രക്ടർ .ഐടിഐ ചെങ്ങന്നൂർ

- 2022 പൊതുസ്ഥലമാറ്റത്തിൽ കോപ്പ ട്രേഡിലെ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിനായി തൃശൂർ ജില്ലക്ക് പുറത്തു നിന്നും ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിലേക്കാണ് ജില്ലയിലെ സീനിയർ ആയ ശ്രീമതി മാഗ്ലിൻ പെരേരയെ സ്ഥലമാറ്റം നല്കിയത് . ടിയാൾ നിയമനം നല്കാൻ സാധ്യമായ ഒഴിവുകൾ കളമശ്ശേരി ഐടിഐ-ൽ ഇല്ല

2. ശ്രീമതി അസ്മത്ത് കെ . ജൂനിയർ ഇൻസ്ട്രക്ടർ . ഐടിഐ മണിയൂർ

- പുഴക്കാട്ടിരി ഐടിഐ-ൽ 31-08-2022 ന മുന്നിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ സ്ഥലമാറ്റം അനുവദിക്കുന്നു

3. ശ്രീ ജുനൈദ് പി . ജൂനിയർ ഇൻസ്ട്രക്ടർ . ഐടിഐ അട്ടപ്പാടി

- ഭിന്നശേഷി വിഭാഗത്തിൽ വരുന്ന കുഞ്ഞിന്റെ അമ്മ എന്ന നിലയിൽ ശ്രീമതി അസ്മത്ത് കെ-ക്ക് പ്രത്യേക പരിഗണന നല്കേണ്ടതിനാൽ പുഴക്കാട്ടിരി ഐടിഐ-ൽ നിയമനം വേണമെന്ന ശ്രീ ജുനൈദ് പിയുടെ ആവശ്യം പരിഗണിക്കാനാവില്ല. ശ്രീമതി അസ്മത്ത് കെ-ക്ക് സ്ഥലമാറ്റമനുവദിച്ച ഒഴിവിൽ മണിയൂർ ഐടിഐ-ൽ നിയമനം നല്കുന്നു.

4. ശ്രീ വിപിൻ കുമാർ സി . ജൂനിയർ ഇൻസ്ട്രക്ടർ . ഐടിഐ കുഴൽമന്ദം

- പൊതുസ്ഥലമാറ്റ ഉത്തരവിൽ ക്രമീകരണം ആവശ്യമായാൽ സ്ഥലമാറ്റം നടത്തും എന്ന വ്യവസ്ഥയിലാണ് ശ്രീ വിപിൻകുമാർ സി -ക്ക് നിയമനം നല്കിയിരുന്നത് . ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളുടെ സീനിയർ ആയ ജീവനക്കാരന് അപേക്ഷ പ്രകാരം സ്ഥലമാറ്റം അനുവദിക്കുന്നതിലേക്ക് ശ്രീ വിപിൻകുമാർ സി യെ സ്ഥലമാറ്റം ചെയ്തത് . ടിയാളുടെ അപേക്ഷ പരിഗണിച്ച് 2022 പൊതുസ്ഥലമാറ്റത്തിലൂടെ ചെന്നീർക്കര ഐടിഐ-ൽ നിലവിൽ വന്ന ഒഴിവിൽ നിയമനം നല്കുന്നു.

5. ശ്രീ അബ്ദുൽ സലീം പി സീനിയർ ഇൻസ്ട്രക്ടർ ഐടിഐ അരീക്കോട്

- തിരുവമ്പാടി ഐടിഐ-ൽ ടിയാൻ മൂന്ന് വർഷക്കാലം പൂർത്തിയാക്കിയിരുന്നതിനാൽ ടി അനോമലി അപേക്ഷ പരിഗണിക്കനാകില്ല

6. ശ്രീ അംജാദ് കെ എൻ . ജൂനിയർ ഇൻസ്ട്രക്ടർ .. ഐടിഐ പെരുമാട്ടി

- ജില്ലക്ക് പുറത്ത് നിന്നുമുള്ള ജീവനക്കാരെ ക്രമീകരിക്കുന്നതിലേക്കാണ് ശ്രീ അംജദ് കെ എൻ-നെ സ്ഥലമാറ്റം നടത്തിയിട്ടുള്ളത് .താഴെക്കോട് വനിത ഐടിഐ-ൽ ടിയാൻ മൂന്ന് വർഷക്കാലം പൂർത്തിയാക്കിയിരുന്നതിനാൽ ടി അനോമലി അപേക്ഷ പരിഗണിക്കനാകില്ല

7. ശ്രീ പ്രജോത് കുമാർ ഐ കെ .സീനിയർ ഇൻസ്ട്രക്ടർ .ഐടിഐ കളമശ്ശേരി

- ടിയാളെ അപേക്ഷ പ്രകാരമല്ല സ്ഥലമാറ്റിയത് എന്നതിനാലും . ടിയാളെ മാറ്റിയ ഒഴിവിൽ വേറേ ആരെയും നിയമിച്ചിട്ടില്ല എന്നതിനാലും ടിയാനെ തിരികെ ചാലക്കുടി ഐടിഐ-ൽ നിയമനം നല്കുന്നു

8. ശ്രീ ഇന്ദ്രലാൽ ആർ ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ കുളത്തൂപ്പുഴ

- ടിയാൻ 05.09.2022-ൽ നല്കിയ അനോമലി അപേക്ഷ പരിഗണിക്കേണ്ട എന്നറിയിച്ചിട്ടുണ്ട്

9. ശ്രീമതി നിശ പി ആർ . ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ മലമ്പുഴ

- 2022 പൊതുസ്ഥലമാറ്റത്തിൽ കോപ്പ ട്രേഡിലെ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിനായി തൃശ്ശൂർ ജില്ലക്ക് പുറത്തു നിന്നും ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിലേക്കാണ് ജില്ലയിൽ മൂന്ന് വർഷത്തിലധികമായി സേവനത്തിലുള്ള ശ്രീമതി നിശ പി ആർ-നെ സ്ഥലമാറ്റം നല്കിയത് .

10. ശ്രീ നജ്മുദ്ധീൻ എ . സീനിയർ ഇൻസ്ട്രക്ടർ ഐടിഐ കൊല്ലം

- ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ ഐടിഐ-ലേക്ക് സ്ഥലമാറ്റം നല്കിയിരുന്നു .ആയത് റദ്ദ് ചെയ്യണം എന്ന് അപേക്ഷിച്ചിരിക്കുന്നു . കൊല്ലം ഐടിഐ-ൽ പകരം നിയമനം നടക്കാത്ത സാഹചര്യത്തിൽ കുളത്തൂപ്പുഴ ഐടിഐ-ലേക്ക് നല്കിയിരുന്ന സ്ഥലമാറ്റം റദ്ധ് ചെയ്യുന്നു.

11. ശ്രീമതി സുനിത വി .ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ കൊല്ലം

- 2022 പൊതുസ്ഥലമാറ്റത്തിൽ എ സി ഡി ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിനായി കാസറഗോഡ് ജില്ലക്ക് പുറത്തു നിന്നും മടിക്കൈ ഐടിഐ-ലേക്ക് സ്ഥലമാറ്റത്തിനായി ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിലേക്കാണ് ആയ ശ്രീമതി സുനിതാ വി-യെ സമീപ ജില്ലയിലേക്ക് സ്ഥലമാറ്റം നല്കിയത് . ജില്ലയിൽ ടിയാളെ പരിഗണിക്കാനാവുന്ന ഒഴിവുകൾ നിലവിലില്ല

12. ശ്രീ ഹമീദ് ഇബ്രാഹിം പി കെ . സീനിയർ ഇൻസ്ട്രക്ടർ ഐടിഐ തിരുവമ്പാടി

- അപേക്ഷ നല്കി പരസ്പരം സ്ഥലമാറ്റം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല എന്നതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാനാകില്ല

13.ശ്രീ നിഗേഷ് കെ പി സീനിയർ ഇൻസ്ട്രക്ടർ .ഐടിഐ ധനുവച്ചപുരം

- ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ഐടിഐ-ൽ 31-08-2022 ന് മുൻപ് നിലവിലുണ്ടായിരുന്ന ഒഴിവിൽ സ്ഥലമാറ്റം നൽകുന്നു

14. ശ്രീമതി അശ്വതി കെ എം .ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ ഏറിയാട്

- പൊതുസ്ഥലമാറ്റ ഉത്തരവിൽ ക്രമീകരണം ആവശ്യമായാൽ സ്ഥലമാറ്റം നടത്തും എന്ന വ്യവസ്ഥയിലാണ് ശ്രീമതി അശ്വതി കെ എം-ന് പെരുവ ഐടിഐ-ൽ നിയമനം നല്കിയിരുന്നത് . ആയതിന്റെ അടിസ്ഥാനത്തിലാണ് ടിയാളുടെ സീനിയർ ആയ ജീവനക്കാരന് അപേക്ഷ പ്രകാരം സ്ഥലമാറ്റം അനുവദിക്കുന്നതിലേക്ക് ശ്രീമതി അശ്വതി കെ എം-നെ സ്ഥലമാറ്റം ചെയ്തത് .

15. ശ്രീമതി ജിജി വി എം . സീനിയർ ഇൻസ്ട്രകടർ. ഐടിഐ ആറ്റിങ്ങൽ

- വിധവ എന്ന നിലയിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വ്യക്തിയാണ് ശ്രീമതി ജിജി വി എം ടി സാഹചര്യത്തിൽ ടിയാളുടെ അപേക്ഷ പരിഗണിച്ച് ചാക്ക ഐടിഐ-ലെ ശ്രീ സുനിൽ ബി-യെ ആറ്റിങ്ങൽ ഐടിഐ-ലേക്ക് സ്ഥലമാറ്റി നിയമിച്ചും ശ്രീമതി ജിജി വി എം-നെ ചാക്ക ഐടിഐ-ൽ നിയമിച്ചും ഉത്തരവാകുന്നു

16. ശ്രീ സോമൻ സി . ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ കട്ടപ്പന

- ടിയാൾ പൊതുസ്ഥലമാറ്റത്തിൽ ഓപ്ഷൻ ആയി നല്കിയിരുന്ന കുഴൽമന്ദം ഐടിഐ-ൽ സ്ഥലമാറ്റത്തിലൂടെ നിലവിൽ വന്ന ഒഴിവിൽ സ്ഥലമാറ്റം അനുവദിക്കുന്നു

17. ശ്രീ നിസാമുദ്ധീൻ ഇ .സീനിയർ ഇൻസ്ട്രക്ടർ .ഐടിഐ ഏറ്റുമാനൂർ

- ടിയാന് 31.08.2022-ലെ ഉത്തരവ് പ്രകാരം നല്കിയിരുന്ന സ്ഥലമാറ്റം അനോമലി അപേക്ഷയുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യുന്നു

18. ശ്രീ സുധീഷ് പി . ജൂനിയർ ഇൻസ്ട്രക്ടർ ഐടിഐ കണ്ണൂർ

- പൊതുസ്ഥലമാറ്റ ഉത്തരവിൽ ക്രമീകരണം ആവശ്യമായാൽ സ്ഥലമാറ്റം നടത്തും എന്ന വ്യവസ്ഥയിലാണ് ശ്രീ സുധിഷിന് ചാലക്കുടി ഐടിഐ-ൽ നിയമനം നല്കിയിരുന്നത്.നിലവിൽ കുഴൽമന്ദം ഐടിഐ-ലെ ഒഴിവിലേക്ക് സ്ഥലമാറ്റം അനുവദിക്കുന്നു
  31-08-2022-നു ശേഷമുണ്ടായ ഒഴിവിലേക്ക് ലഭ്യമായ അപേക്ഷകൾ നിരസിച്ച് ഉത്തരവാകുന്നു . ടി അപേക്ഷകർ ഓൺലൈൻ മുഖേനെയുള്ള സ്ഥലമാറ്റത്തിനായി നടപടികൾ സ്വീകരിക്കുമ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ് .

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ്

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാരും

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്